(ബി) പ്രസ്തുത കോളേജുകളിൽ ഈ വിധത്തിൽ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ പരിശോധന നടത്തുകയുണ്ടായി ; ഈ പരിശോധന നടത്തിയത് ആരാണ് ;

(സി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള എത്ര സെൽഫ് ഫിനാൻസ് എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിച്ചു ; ഈ കോഴ്സുകൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് എന്തൊക്കെ പരിശോധന നടത്തിയ ശേഷമാണ് ഇത് അനുവദിച്ചത് ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാലയുടെ പരിധിയിലുള്ള സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ അദ്ധ്യയന വർഷം അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(സി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള താഴെപ്പറയുന്ന സ്വാശ്രയ കോളേജുകളിൽ എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നുണ്ട്.

(1) ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരം - എം.ടെക് (മെഷീൻ ഡിസൈൻ) - 18 സീറ്റ്

(2) ശ്രീബുദ്ധ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാറ്റൂർ, ആലപ്പുഴ

(i) എം.ടെക് (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻസ് - എംബെഡഡ് സിസ്റ്റംസ്) - 18 സീറ്റ്

(ii) എം.ടെക് ബയോടെക്നോളജി (മോളിക്കുലാർ മെഡിസിൻ) - 18 സീറ്റ്

ബന്ധപ്പെട്ട വിഷയത്തിലുള്ള വിദഗ്ധർ ഉൾപ്പെടെയുള്ള സമിതി നിർദ്ദിഷ്ട കോഴ്സുകൾ തുടങ്ങുവാൻവേണ്ട അടിസ്ഥാന സൗകര്യങ്ങൾ അതതു കോളേജുകളിൽ ഉണ്ടോയെന്ന് വേണ്ടവിധം പരിശോധന നടത്തി അതിന്റെ വെളിച്ചത്തിലാണ് സർവ്വകലാശാല ഈ കോഴ്സുകൾ തുടങ്ങുവാനുള്ള അനുമതി നൽകിയത്.

ബി.എ. ഇംഗ്ലീഷ് പരീക്ഷയുടെ മാർക്ക്‌ലിസ്റ്റ്

120 (3875) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സർവ്വകലാശാലയിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന നടത്തുന്ന ബി. എ. ഇംഗ്ലീഷ് 2009 സെപ്റ്റംബർ പരീക്ഷയുടെ ഫലം ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരീക്ഷ എഴുതിയവരുടെ മാർക്ക് ലിസ്റ്റുകൾ മുഴുവൻ ഇതിനകം വിതരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ എത്ര ദിവസത്തിനകം വിതരണം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2010 മാർച്ച് 30-ന്.

(ബി) പരീക്ഷാഫലം തടഞ്ഞുവെച്ച ചുരുക്കം ചില വിദ്യാർത്ഥികളുടേതൊഴിച്ച് എല്ലാ വിദ്യാർത്ഥികളുടേയും മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു.

(സി) ചില സാങ്കേതിക കാരണങ്ങളാൽ ചുരുക്കം ചില വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവെച്ചിരിക്കുകയാണ്. ആയത് പരിഹരിച്ച് ജൂലായ് 31-നകം ഈ വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റുകൾ വിതരണം ചെയ്യുമെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാലയുടെ സെൻട്രൽ ലൈബ്രറി

121 (3882) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ സെൻട്രൽ ലൈബ്രറി റിസർച്ച് സെന്റർ ആന്റ് ആർട്ട് ഗ്യാലറി സ്ഥാപിക്കാൻ കണ്ണൂർ നഗരസഭ ഭൂമി വിട്ടു നൽകാൻ തയ്യാറായിട്ടും, ലൈബ്രറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തടസ്സമെന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂമിയുടെ അവകാശം സംബന്ധിച്ച് കണ്ണൂർ സർവ്വകലാശാലയും നഗരസഭയും തമ്മിലുള്ള തർക്കം പരിഹരിച്ച് ലൈബ്രറി യാഥാർത്ഥ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ സെൻട്രൽ ലൈബ്രറി റിസർച്ച് സെന്റർ ആന്റ് ആർട്ട് ഗ്യാലറി സ്ഥാപിക്കാൻ കണ്ണൂർ നഗരസഭ ഭൂമി വിട്ടുനൽകിയിട്ടില്ല എന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്.

(ബി) ഭൂമിയുടെ അവകാശം സംബന്ധിച്ച് കണ്ണൂർ സർവ്വകലാശാലയും നഗരസഭയും തമ്മിൽ യാതൊരു തർക്കവും നിലവിലില്ല. സർവ്വകലാശാലയ്ക്ക് സ്വന്തമായി ലഭിച്ചിട്ടുള്ള താവക്കര ഭൂമിയിൽ സെൻട്രൽ ലൈബ്രറി കോംപ്ലക്സ് നിർമ്മിക്കാനാവശ്യമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly